അദ്ധ്യാപക തസ്തികകളുടെ എണ്ണം കുറച്ചിട്ടില്ല.

(ബി) ഫാമുകളിൽ തൊഴിലാളികളുടെ കുറവുമൂലം ദൈനംദിന പ്രവർത്തനങ്ങൾ തടസ്സപ്പെടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. തൊഴിലാളികളുടെ എണ്ണം വെട്ടിക്കുറയ്ക്കുന്നതിനുള്ള തീരുമാനം എടുത്തിട്ടില്ല.

(സി) സർവ്വകലാശാലയുടെ വിവിധ കേന്ദ്രങ്ങളിൽ അനുവദിക്കപ്പെട്ടിട്ടുള്ള തൊഴിലാളികളുടെ എണ്ണവും നിലവിലുള്ള തൊഴിലാളികളുടെ എണ്ണവും അനുബന്ധമായി കൊടുത്തിട്ടുണ്ട്. †

ഗോരക്ഷാ പദ്ധതിയുടെ നടത്തിപ്പിന് ആവശ്യമായ തസ്തികകൾ സൃഷ്ടിക്കാൻ വകയിരുത്തിയ തുക

144 [2134] ശ്രീ. മാങ്കോട് രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൃഗസംരക്ഷണവകുപ്പും എൻ. ഡി. ഡി. ബി.യും ചേർന്നു നടത്തുന്ന ഗോരക്ഷാ പദ്ധതിയുടെ സംസ്ഥാന ജില്ലാ ആഫീസുകളിൽ വിവിധ തസ്തികകൾ സൃഷ്ടിക്കുന്നതിന് ആവശ്യമായ തുക വകയിരുത്തിയിട്ടുണ്ടോ; എങ്കിൽ എത്ര രൂപ എന്ന് വ്യക്തമാക്കാമോ;

(ബി) സംസ്ഥാനതല, ജില്ലാതല ഓഫീസുകളിൽ മിനിസ്റ്റീരിയൽ ജീവനക്കാരുടെ വിവിധ തസ്തികകൾ സൃഷ്ടിക്കുന്നതിനുവേണ്ടി നിവേദനം ലഭിച്ചിട്ടുണ്ടോ; എങ്കിൽ ഇതിനകം സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(സി) ഗോരക്ഷാ പദ്ധതിയുടെ സുഗമമായ നടത്തിപ്പിനുവേണ്ടി സൂപ്പർ വൈസറി തസ്തിക ഉൾപ്പെടെയുള്ള മിനിസ്റ്റീരിയൽ വിഭാഗം ജീവനക്കാരുടെ തസ്തികകൾ സമയ ബന്ധിതമായി സൃഷ്ടിക്കുന്നതിന്, വേണ്ട നടപടി സ്വീകരിക്കുമോ;

(ഡി) ഏത് സംഘടനയാണ് നിവേദനം നൽകിയിട്ടുള്ളത്; നിവേദനത്തിലെ മറ്റാവശ്യങ്ങൾ എന്തൊക്കെയാണെന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ) ഇല്ല.

(ബി) ഉണ്ട്. ഗോരക്ഷാ പദ്ധതിയുടെ സുഗമമായ നടത്തിപ്പിന് ആവശ്യമായ തസ്തികകൾ തസ്തിക പുനർവിന്യാസം വഴി കണ്ടെത്തുന്നതിനായി നടപടി സ്വീകരിച്ചുവരുന്നു.

(സി) നടപടി സ്വീകരിച്ചുവരുന്നു.

(ഡി) അനിമൽ ഹസ്ബൻഡറി മിനിസ്റ്റീരിയൽ സ്റ്റാഫ് അസോസിയേഷൻ എന്ന സംഘടനയാണ് നിവേദനം നൽകിയിട്ടുള്ളത്. ജില്ലാതലത്തിൽ ഓരോ ജൂനിയർ സൂപ്രണ്ട് തസ്തികകളും ഓരോ ക്ലർക്ക് തസ്തികകളും സൃഷ്ടിക്കൽ വേണ്ട നടപടി സ്വീകരിക്കണമെന്നതാണ് ആവശ്യം.

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly